**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1753** **31-08-2022 - ൽ മറുപടിയ്ക്ക്**

**ബിരുദ വിദ്യാർത്ഥികൾക്കുള്ള മേഴ്സി ചാൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ ബിരുദ കോഴ്സുകൾക്ക് മേഴ്സിചാൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | 02.12.2020 തീയതിയിലെ യൂണിവേഴ്സിറ്റി ഓർഡർ 1178/PB/2020 പ്രകാരം 1995 ലോ അതിനു ശേഷമോ കോഴ്സ് പൂർത്തിയാക്കിയവർക്ക് “ഒറ്റത്തവണ റെഗുലർ സപ്ലിമെന്ററി” എന്ന പേരിൽ ഒരു അവസരം നൽകുന്നു. സെമസ്റ്റർ സമ്പ്രദായത്തിൽ പഠിച്ചവർക്ക് എല്ലാ സെമസ്റ്ററിലും, വാർഷിക സമ്പ്രദായത്തിൽ പഠിച്ചവർക്ക് എല്ലാ വർഷവും രജിസ്ട്രേഷൻ ഉള്ളവർക്ക് നിശ്ചിത ഫീസ് അടച്ച് വിജ്ഞാപനം വരുന്ന മുറയ്ക്ക് പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. |
| (ബി) | കാലിക്കറ്റ് സർവകലാശാലയിൽ 2003-ൽ അഡ്മിഷൻ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് മേഴ്സിചാൻസ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ മേഴ്സിചാൻസ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | 2003-ൽ അഡ്മിഷൻ എടുത്ത ബിരുദ വിദ്യാർത്ഥികൾക്ക് പൊതുവായി വരുന്ന Part I English, Part II Additional language എന്നിവയിലേക്ക് നോട്ടിഫിക്കേഷൻ വിളിക്കുകയും Part I ഇംഗ്ലീഷ് പരീക്ഷകൾ പൂർത്തിയാവുകയും ചെയ്തു. Part III യിൽ ഉൾപ്പെടുന്ന മെയിൻ വിഷയങ്ങൾക്കായുള്ള നോട്ടിഫിക്കേഷൻ, ചാൻസ് നടപടികൾ പൂർത്തിയായതിനു ശേഷം പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | കാലിക്കറ്റ് സർവകലാശാലയിൽ 2003-ൽ അഡ്മിഷൻ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് മാനുഷിക പരിഗണന നൽകി മേഴ്സിചാൻസ് അനുവദിക്കുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | കാലിക്കറ്റ് സർവ്വകലാശാലയിൽ 2003-ൽ അഡ്മിഷൻ നേടിയ ബിരുദ വിദ്യാർത്ഥികൾക്ക് 02.12.2020 തീയതിയിലെ യൂണിവേഴ്സിറ്റി ഓർഡർ 1178/PB/2020 പ്രകാരം ഒറ്റത്തവണ റെഗുലർ സപ്ലിമെന്ററി എന്ന പേരിൽ ഒരു അവസരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ